കേരളീയം, കൊക്കാലെ, തൃശൂർ–680021
e-mail: mailkeraleeyam@gmail.com

# അപരിചിതനായ സഹോദരൻ

(കേരളീയം 2012 ഡിസംബർ ലക്കത്തിൽ പ്രസിദ്ധീകരിച്ച കെ. അരവിന്ദാക്ഷൻ എഴുതിയ 'കണ്ടെത്തിയ സഹോദരൻ' എന്ന ലേഖനത്തിന് അനുബന്ധമായ കത്ത്.)



വിദേശത്തെ ചില 'ക്ഷണിക്കപ്പെട്ട സൗഹൃദ സദസ്സുകളിൽ' വെളിച്ചക്കുറവുള്ള മുറികളിലാണ് ഭരതേട്ടനെ കാണുക പതിവ്. അമിതഭാഷണത്തിന്റെ ഭാരമില്ലാതെ, വർത്തമാനങ്ങളിൽ യാതൊരു പിടിവാശിയുമില്ലാതെ തലയ്ക്ക് പുറകിൽ കൈകെട്ടി ഭരതേട്ടൻ ചാഞ്ഞിരുന്നു. ചുണ്ടിൽ സിഗരറ്റ്, ചെറുചിരി. ശരിക്കും പാർശ്വവത്കൃത സമൂഹത്തിന്റെ വക്താവായി. വാചകമടിക്കൽ അതിരുവിടുമ്പോൾ മാത്രം തൃശൂരിൽ നിന്നും വന്ന വരക്കാരന്റെ "എൻറ്റ് പോയേരാ..." എന്ന ഗംഭീര ശബ്ദം ഉയർന്നു. എങ്കിലും ചില നേരങ്ങളിൽ "പഴം തമിഴ് പാട്ടുണരും" എന്ന ഫേവറിറ്റിന് ദർബാർ താളം പിടിച്ചു. ദീർഘമായ ഒരു യാത്രയിൽ വിശാലമായ പുഴയോര വിനോദ കേന്ദ്രത്തിൽ വെളുക്കുവോളം തണുപ്പത്ത് അലഞ്ഞുനടന്നത് ഓർമ്മവന്നു. തീകാഞ്ഞ്, 'ബാബുരാജ് സദിരുകളിൽ' രസം പിടിച്ച് ഒപ്പമിരുന്ന ഹോട്ടൽ ഉടമയ്ക്കും വീഞ്ഞുപകർന്ന് ഭരതേട്ടൻ അത്യുച്ചത്തിൽ അനവധി സ്ഥായികളിൽ ചിരിച്ചുകൊണ്ടേയിരുന്നു. കന്ദേരയും, വി.കെ.എന്നും, മറഡോണയും 'ഗ്രുൺബർഗ്ഗറിൽ' നിലാവ് പകർന്ന 'ചിന്തൻ ബൈഠക്'. കേരളീയത്തെക്കുറിച്ച് എനിക്കന്ന് കേട്ടുകേൾവി പോലുമില്ല. തന്റെ കേരളീയം ഇന്നിംഗ്സിനെപ്പറ്റി ഭരതേട്ടനും പറഞ്ഞിട്ടില്ല. മറ്റ് സുഹൃത്തുക്കളുമൊത്താണ് ഞാൻ കേരളീയത്തിന്റെ കോണി കയറുന്നത്. ആ മാസികയുമായി ചില ഇടപെടലുകൾ ഞാനും തുടങ്ങിയെന്ന് പക്ഷെ ഭരതേട്ടൻ ഒരിക്കലും അറിഞ്ഞില്ല.

ഞങ്ങൾ വീണ്ടും കാണുന്നത്, അന്നുകാലത്ത് കൈലാത്ത് വീടിന്റെ മുറ്റത്തുവച്ചായിരുന്നു. ഭരതേട്ടൻ ഉറങ്ങിക്കിടക്കുകയായിരുന്നു. ക്ലീൻഷേവ് ചെയ്ത ആ മുഖത്തേക്ക് ഞാൻ അത്ഭുതത്തോടെ നോക്കി. "ഒന്നു പോഡോ..." എന്നു കേട്ടുവോ?

രണ്ടുപേർക്കും നിൽക്കാവുന്ന ഒരു പൊതുസ്ഥലത്തെത്തുമ്പോൾ ഒരാളില്ല. രണ്ടുപേരും ഒപ്പമുള്ളപ്പോൾ ആ പൊതുസ്ഥലത്തെക്കുറിച്ച് അറിയുന്നുമില്ല. സൗഹൃദത്തിലും എത്ര അപരിചിതർ നമ്മൾ!.

**കെ.ആർ. അജിതൻ,** തൃശൂർ

## കണ്ടത് പറയാം

**ഡേവിസ് വളർക്കാവ്** എഴുതുന്ന പംക്തി തുടങ്ങുന്നു

## കൂർക്കംവലി

കൂർക്കംവലിക്ക് മരുന്ന് വിൽപ്പന. ഭാഗ്യത്തിന് ചെറിയ തുകയേ വരു. വെറും 3500 രൂപ. രാഷ്ട്രീയക്കാർക്ക് ബി.പി.എൽ വോട്ടു ബാങ്ക് സൃഷ്ടിക്കാം. ബി.പി.എല്ലുകാർക്ക് ഇളവ് ചോദിച്ച് പ്രക്ഷോഭം. നമ്മുടെ മക്കൾക്കോ നമുക്കോ കൂർക്കംവലി ഉണ്ടെങ്കിൽ മരുന്ന് വാങ്ങിക്കഴിച്ച് കൂർക്കം വലിച്ചുറങ്ങാം.

**എന്താണ് കൂർക്കംവലി ?**

കൂർക്കംവലി വായകൊണ്ടുള്ള ശ്വാസമാണ്. വായടക്കാതെ തുറന്നുറങ്ങുന്നവർക്ക് മാത്രമുണ്ടാകുന്നത്. ശ്വസനത്തിന് പ്രത്യേക അവയവമുണ്ട്. മൂക്കാണത്. മൂക്കിന്റെ കർമ്മം വായ ചെയ്താൽ കൂർക്കം വലിയായി. ശ്വാസം ശുദ്ധീകരിക്കാതെ വായിലെത്തുന്നതിനാൽ വായയിലൂടെ ഉള്ള ശ്വസനം രോഗകാരണമാകും. മൂക്കിലൂടെ ശ്വസിച്ചാൽ അരിക്കാൻ രോമങ്ങൾ, പിന്നെ വായുവിലെ പൊടികളെ തടയാൻ ഈർപ്പം, പിന്നെ വായുവിനെ ചൂടാക്കൽ, വായുവിൽ നിന്ന് ഓക്സിജനെ തിരഞ്ഞെടുത്ത് രക്തത്തിലേക്ക് കടത്തൽ - എന്തെന്തു ജോലികളാണ് ശ്വസനത്തിൽ ചേർന്നിരിക്കുന്നത്.

തെറ്റായ ശ്വാസം = കൂർക്കംവലി

പരിഹാരം = 3500 രൂപയുടെ മരുന്ന്

മറ്റുവഴികൾ = ഉറങ്ങാൻ കിടന്നാൽ വായ മൂടുക.

എന്നിട്ടും നിൽക്കുന്നില്ലെങ്കിൽ പേപ്പർ പ്ലാസ്റ്റർ ഒട്ടിച്ച് കിടക്കുക. പേടിക്കണ്ട, പുലരുമ്പോൾ വ്യത്യാസം അറിയാം. നല്ല ഉന്മേഷരായിരിക്കും, തീർച്ച. കഫം, വായ, പല്ല്, ഹൃദയം എന്നീ അവയവങ്ങളെ ബാധിക്കുന്ന 35 തരം രോഗങ്ങൾ എന്നിവയ്ക്ക് പരിഹാരം 3500 രൂപ അല്ല, 35 രൂപ മാത്രം. പല്ല് പൊന്തി വേലികെട്ടി നടക്കേണ്ടിവരികയുമില്ല.